LIBRARY ARCHIVES Kerala Legislative Assembly

ടൈബൽ കൃക്ക് റിയാക്ഷൻ ടീം

156 (1861) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സംസ്ഥാന ബഡ്ജറ്റിൽ 6 ജില്ലകളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ടൈബൽ കൃിക്ക് റിയാക്ഷൻ ടീം എന്ന സ്പെഷ്യൽ ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ-സി) 31-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 824/2015/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ 6 ജില്ലകളിൽ "ടൈബൽ കൃിക്ക് റിയാക്ഷൻ ടീം" എന്ന സ്പെഷ്യൽ ടീം രൂപീകരിക്കുന്നതിന് സർക്കാർ ഭരണപരമായ അനുമതി നൽകിയിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു.

ട്രാഫിക് നിയമലംഘനം

157 (1862) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനങ്ങൾമൂലം വാഹന അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമലംഘനങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ;

(സി) വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.